(ഇ) അങ്കമാലി ടൗണിലെ സമീപപ്രദേശങ്ങളിൽ ഇത്രയും സൗകര്യം ഇല്ലാത്തതും ജനബാഹുല്യവുമില്ലാത്തതുമായ പ്രദേശങ്ങളിൽ പണിത ഷോപ്പിംഗ് കോംപ്ലക്സുകൾ വരെ വാടകയ്ക്കും വിൽപനയ്ക്കും സുഗമമായി പോയിട്ടുംപ്രസ്തുത കോംപ്ലക്സിലെ സ്ഥലം ലേലത്തിന് പോകാത്തതിനെക്കുറിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ;

(എഫ്) പ്രസ്തുത പഠനത്തിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കാമോ ?

ഉത്തരം

(എ) അങ്കമാലി ബസ് ടെർമിനൽ-കം-ഷോപ്പിംഗ് കോംപ്ലക്സിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ള അറ്റകുറ്റപ്പണികൾ പരിഹരിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ഏകദേശം 68 ശതമാനത്തോളം സ്ഥലം ഇനിയും പോകേണ്ടതായിട്ടുണ്ട്.

(സി) നിരന്തരമായി ടെണ്ടറുകൾ ക്ഷണിച്ചിരുന്നു. സിംഗിൾ യൂണിറ്റുകളായും ചെറിയ യൂണിറ്റുകളായും മാർക്കറ്റ് ചെയ്യാനും ശ്രമിച്ചിരുന്നു.

(ഡി) സ്ഥലം ലേലത്തിൽ പോയതിൽ സെക്യൂരിറ്റി ഡെപ്പോസിറ്റ് ഇനത്തിൽ 1,17,26,352 രൂപ ലഭിച്ചിട്ടുണ്ട്. ചെലവ് കഴിച്ച് സെപ്റ്റംബർ 30 വരെ വരുമാനം 282 ലക്ഷം രൂപയാണ്. നിലവിൽ ലഭ്യമാകുന്ന മാസവാടക 14,77,596 രൂപയുമാണ്.

(ഇ) സമീപ പ്രദേശങ്ങളിലെ കോംപ്ലക്സുകളിൽ താരതമ്യേന കുറഞ്ഞ വാടകയും അനുപാതിക സെക്യൂരിറ്റി ഡിപ്പോസിറ്റും ആണ്. സർക്കാരിന്റെ സ്ഥലം വായകയ്ക്ക് നൽകുന്നതിന് പാലിക്കേണ്ട നിയമപരമായ വ്യവസ്ഥകൾക്ക് വിധേയമായി മാത്രമേ അനുവദിക്കാൻ നിർവ്വാഹമുള്ളൂ.

(എഫ്) കെ.റ്റി.ഡി.എഫ്.സി. മിനിമം വാടകയും സെക്യൂരിറ്റി ഡിപ്പോസിറ്റും നിശ്ചയിക്കാതെ ആവശ്യക്കാരുടെ ഓഫറുകൾ ക്ഷണിച്ച് അതിൽനിന്നും വ്യവസ്ഥകൾക്ക് വിധേയമായി അംഗീകരിക്കാൻ തീരുമാനിച്ചു. അതിൻപ്രകാരം ടെൻഡറുകൾ ക്ഷണിച്ച് മേൽ നടപടികൾ സ്വീകരിച്ച് വരുന്നു.

ഡ്രൈവിംഗ് ലൈസൻസ്

348 (359) ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡ്രൈവിംഗ് ലൈസൻസ് ആധാറുമായി ലിങ്ക് ചെയ്യുമോ ;

(ബി) ലൈസൻസ് നൽകുന്ന സംവിധാനങ്ങൾ കാലോചിതമായി പരിഷ്കരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നിർദ്ദേശങ്ങൾ ഒന്നും ഇപ്പോൾ പരിഗണനയിലില്ല.

(ബി) ലൈസൻസ് നൽകുന്ന സംവിധാനങ്ങൾ കാലോചിതമായി പരിഷ്കരിച്ചു കൊണ്ടിരിക്കുകയാണ്.

വർദ്ധിച്ചു വരുന്ന വാഹനാപകടങ്ങൾ

349 (360) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വാഹനാപകടങ്ങൾ വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വാഹനാപകട തോത് കുറയ്ക്കുവാൻ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) റോഡപകടങ്ങൾ കുറയ്ക്കുന്നതിന്റെ ഭാഗമായി ദൃശ്യ-ശ്രാവ്യ അച്ചടി മാധ്യമങ്ങളുടെ സാധ്യത ഉപയോഗിച്ച് റോഡ് സുരക്ഷയെ പറ്റി പൊതുജനങ്ങളെ ബോധവൽക്കരണം നടത്തി അച്ചടക്കമുള്ള ഒരു ട്രാഫിക് സംസ്കാരം രൂപപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

ടിപ്പർ ലോറി/ ചരക്കു വാഹനം എന്നിവയുടെ ഡ്രൈവർമാർക്ക് നാറ്റ് പാക്ക് വഴി റോഡുസുരക്ഷ പരിശീലനം നൽകുന്നതിനായി സാമ്പത്തിക സഹായം ലഭ്യമാക്കിയിട്ടുണ്ട്. റോഡ് സുരക്ഷാ ബോധവൽക്കരണം വ്യാപമാക്കുന്നതിന്റെ ഭാഗമായി കേരളത്തിലെ സാധ്യമാകുന്ന എല്ലാ സിനിമാ തിയേറ്ററുകളിലൂടെയും റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട ഹ്രസ്വ ചിത്രങ്ങൾ പ്രദർശിപ്പിക്കുന്നതിന് റോഡ് സുരക്ഷാ അതോറിറ്റി നടപടികൾ സ്വീകരിച്ചുവരുന്നു.

രാത്രികാല എയർപോർട്ട് യാത്ര അപകടങ്ങൾ നിയന്ത്രിക്കുന്നതിന്റെ ഭാഗമായി, രാത്രികാലത്ത് വാഹനമോടിക്കുന്ന ഡ്രൈവർമാരെയും യാത്രക്കാരെയും ബോധവൽക്കരിക്കുന്നതിനായി കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ നേതൃത്വത്തിൽ അച്ചടിച്ച ലഘു ലേഖകൾ കേരളത്തിലെ മൂന്ന് അന്താരാഷ്ട്ര വിമാനത്താവളങ്ങളുടെ പരിധിയിൽ വരുന്ന റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ